

# വെട്ടം



# Sree Krishna HSS
## Guruvayoor



## പ്രിയരേ....

ഏറ്റവും പുതിയ കാലത്തെ സ്വീകരിക്കുമ്പോളാണ് നാം കൂടുതൽ സർഗ്ഗധനരാവുന്നത്. ഡിജിറ്റൽ വിപ്ലവം മാധ്യമ രംഗത്ത് വലിയ മാറ്റങ്ങൾ സൃഷ്ടിച്ചിരിക്കുകയാണ്. ശ്രീകൃഷ്ണ ഹയർ സെക്കന്ററി സ്കൂളിൽ 'കൈറ്റിന്റെ' ആഭിമുഖ്യത്തിൽ"വെട്ടം"എന്ന ഡിജിറ്റൽ മാഗസിൻ പുറത്തിറക്കുമ്പോൾ സാങ്കേതിക വിദ്യയുടെ നൂതന സംരംഭത്തിലേക്കു മാത്രമല്ല കുട്ടികളുടെ സർഗ്ഗശേഷി വികസിപ്പിക്കുക എന്ന മഹത്തായ കർത്തവ്യമാണ് നിർവ്വഹിക്കപ്പെടുന്നത്. കല കുട്ടികളെ മാനവികതയിലേക്ക് നയിക്കുന്നു. സക്രിയമായ ഇടപെടലുകൾ കുട്ടികളെ മൂല്യബോധമുള്ളവരും സർഗ്ഗധനരാക്കുമെന്ന പ്രതീക്ഷയാണ് എനിക്കുള്ളത്. ഇതിനുപിന്നിൽ പ്രവർത്തിച്ച എല്ലാ കുട്ടികൾക്കും അദ്ധ്യാപിക/ അദ്ധ്യാപകർക്കും എന്റെ അഭിനന്ദനങ്ങൾ.



കെ എസ് രാധ
ഹെഡ് മിസ്ട്രസ്സ്

ശ്രീകൃഷ്ണ ഹയർ സെക്കണ്ടറി സ്ക്കൂൾ കുട്ടികളുടെ സർഗ്ഗാത്മക രചനകളുടെ കൈയെഴുത്ത് മാസികയും പ്രിന്റഡ് മാഗസിനും കഴിഞ്ഞ് മൂന്നാം ഘട്ടമായഡിജിറ്റൽ മാഗസിനി ലേക്കു കടക്കുകയാണ്. അതാണ് " **വെട്ടം** ". ഹൈടെക് വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സിന്റെ സാങ്കേതിക വൈദഗ്ധ്യവും കുട്ടികളിലെ സർഗാത്മക രചനയും ചേരുമ്പോൾ ആധുനിക സർഗ്ഗശേഷി പ്രവാഹമാകും ഈ മാഗസിൻ .തീർച്ച.

അക്ഷരങ്ങൾ ജാലകങ്ങൾ കടന്ന് അതിർത്തി ഭേദിച്ച് അനശ്വരമാകുമ്പോൾ ബ്രഷുകളില്ലാതെ വരകളും വർണ്ണങ്ങളും ചായക്കൂട്ടുകളും മൗസ് ക്ലിക്കിൽ വിടരുമ്പോൾ സ്ക്രീനിൽ സർഗ്ഗവസന്തമാവുകയായി.

ആദ്യ സംരഭത്തിന്റെ കുറവുകളും പരിമിതികളും മറികടക്കാനുള്ള, അനന്ത വിഹായസ്സിലേക്കുള്ള ആദ്യ ചിറകടിയായി ഇതിനെ സ്വീകരിക്കുക.അനുഗ്രഹിക്കുക

**എഡിറ്റർ**

# വെട്ടത്തിനു പിന്നിൽ

| | |
|---|---|
| സ്റ്റുഡൻറ്റ് എഡിറ്റർ | ഹരി നാരായൺ എം ആർ |
| കവർ ഡിസൈൻ | നിരഞ്ജൻ പി എസ് |
| | നബീൽ മുഹമ്മദ് |
| അംഗങ്ങൾ | സത്യനേഷ് കെ എസ് |
| | ഗോപീകൃഷ്ണ ടി |
| | വിപിൻ രാജ് എൻ |
| | ആദിത്യൻ എ ആർ |
| | അബ്ദുൾ റൗഫ് |
| | ഷാനിഫ് ബാബു |
| | ജ്യോതിഷ് കുമാർ |
| | വിഷ്ണു പ്രശാന്ത് |
| നന്ദി | ജയന്തൻ മാസ്റ്റർ |
| | മധു മാസ്റ്റർ |
| | ജൂലിയറ്റ് ടീച്ചർ |
| | ജ്യോതി ടീച്ചർ |
| | ശ്രീല ടീച്ചർ |
| | ഷീജ ടീച്ചർ |

# താളുകൾ


| | |
|---|---|
| സ്വപ്നഭൂമിയിലേക്കൊരു യാത്ര | 7 |
| പ്രകൃതി | 8 |
| ആത്മസംതൃപ്തിയുടെ നിമിഷങ്ങളിലേയ്ക്ക് ഒരു എത്തിനോട്ടം | 10-13 |
| ജീവിതത്തെ സൗന്ദര്യപ്പെടുത്തുന്നത് ഇങ്ങനെയാണ്... | 14 |
| നിളനീര് | 15 |
| ലിങ്ക് | 16 |
| കറുത്ത കുറിപ്പുകൾ | 17-20 |
| ഒരു പൂവിന്റെ പരിദേവനം | 21 |
| കാട് | 22 |
| നവകേരളം | 26 |
| സത്യവും നീതിയും ഗാന്ധിയുടെ കാഴ്ചപ്പാടിൽ | 30 |
| ജൈവവൈവിധ്യം | 31 |
| വീടും വയലും പിന്നെ സ്കൂളും | 32-34 |

# സ്വപ്നഭൂമിയിലേക്കൊരു യാത്ര

**അമൃത 9 A**

ആ ഉരുണ്ട വട്ടക്കണ്ണുകൾ കലങ്ങിയ വെള്ളത്തിലേക്ക് നോക്കി .അവൾ മിഴികൾ ചിമ്മി മിഴിച്ചു .അകലെ നിന്നൊരു നീർക്കോലി വരുന്നത് കണ്ട അവൾ ഭയന്നു വിറച്ചു.ഈ ചെളിയും വെള്ളവും കാടും ഒക്കെയുള്ള ഈവൃത്തികെട്ട നാട്ടിൽ നിന്നെനിക്ക് മടുത്തു. എങ്ങോട്ടെങ്കിലും പോയാൽ മതിയായിരുന്നു.ഒരു സുന്ദരിക്കുട്ടിയായി നടക്കേണ്ട ഞാൻ ഈ വൃത്തികെട്ടനാട്ടിൽ; ച്ഛി ...അവൾ ഈ നാടിനെ ശപിച്ചു .അവൾ അവളുടെ വീട്ടിൽ നിന്നിറങ്ങി എങ്ങോട്ടാനില്ലാതെ നടന്നു. അവൾ ഒരു മരത്തണലിൽ ഉയർന്നുനിൽക്കുന്ന വേരിൻമേൽ ഇരുന്നു .ഒരാൾ ധൃതിയിൽ ഓടുന്നത് അവൾ കണ്ടു .ചേട്ടാ.... എങ്ങോട്ടാ ഈ ഓടുന്നത് അവൾ ചോദിച്ചു .ങ്ങ.... മോളെ ... നിന്നെ അന്വേഷിക്കുകയായിരുന്നു .നിനക്കല്ലെ ഈ നാട് ഇഷ്ടമല്ലാത്തത്. എന്നാലിതാ കേട്ടോ നിങ്ങളെ അമേരിക്കയിലേക്ക് കൊണ്ടുപോകുന്നു. അയാൾ പറഞ്ഞു അവൾക് വളരെ യധികം സന്തോഷമായി. ങ്ങ ... മോളെ നിന്റെ കൂട്ടുകാരേയും ബന്ധുക്കളെയും എല്ലാവരെയും വിളിച്ചോളൂ. അടുത്താഴ്ചയാണ് പോകുന്നത് .





അവൾക്കു പിന്നെയവിടെ നിൽക്കാൻ ക്ഷമയുണ്ടായില്ല .അവൾ ഓടിച്ചെന്നു കൂട്ടുകാരോടു വിവരം പറഞ്ഞു .എല്ലാവർക്കും സന്തോഷമായി. അവൾ അമേരിക്കയിലെ തണുപ്പുള്ള അന്തരീക്ഷവും വർണ്ണശമ്പളമായ രാത്രികളും മറ്റും സ്വപ്നം കണ്ടു നടക്കാൻ തുടങ്ങി .സ്വപ്നം കാണുന്നതിനിടയിൽ തന്റെ നാടിനെ കുറിച്ചവൾ മറന്നു .സദാ സമയവും അമേരിക്കയായിരുന്നു മനസ്സിൽ .ഒരാഴ്ച കഴിഞ്ഞു, അവളും കൂട്ടുകാരും പറഞ്ഞ സ്ഥലത്ത് എത്തി .കാഴ്ചയിൽ മാന്യനെന്നു തോന്നുന്ന ഒരാൾ കുട്ടയുമായി വരുന്നത് അവൾ കണ്ടു .അയാൾ അവരെയെല്ലാം അതിലിട്ടു തലയിൽ വെച്ചു. അതിനുള്ളിൽ ഇരിക്കുമ്പോഴും അവൾ അമേരിക്ക സ്വപ്നം കാണാൻ മറന്നില്ല. കുട്ടയടച്ചപ്പോൾ അവർക്കു ഒരു പന്തികേട് തോന്നി .അവർ പരസ്പരം നോക്കി ... അതിൽ ഒരു വിരുതൻ പുറത്തു നടക്കുന്ന സംസാരം ശ്രദ്ധിച്ചു. "ഈ തവളകളുടെ കാലുകൾ കൊണ്ടുപോയി അവിടെ ഏൽപ്പിച്ചാൽ പിന്നെ ഹായ് ...സ്വർഗം..." തങ്ങൾ ഒരു ഊരാക്കുടുക്കിലാണെന്ന് അവർക് ബോധ്യമായി .എല്ലാവരും അവളെ ദേഷ്യത്തോടെ തുറിച്ചു നോക്കി .ഒരു നിമിഷം അവൾ ശപിച്ച ആ നാടിന്റെ നന്മകളെ കുറിച്ച് ഓർത്തു .അകലെ തീന്മേശയിലിരുന്നു സായിപ്പും അവരെ കുറിച്ചോർത്തു.

# പ്രകൃതി

സ്നേഹ പി വി 6B

ഗ്രീഷ്മത്തിലെല്ലാം കരിഞ്ഞു പോകുമ്പോഴും
തൊങ്ങലണിയിച്ച   മുളകുകൊടികളാൽ
ചേനയും ചീരയും വാഴയും മത്തയും ചേമ്പും
കരിമ്പും പടവലവും പ്ലാവും പനയും
പുളിമരവും കടപ്ലാവുമിലവും പറങ്കി മാവും
മാവും മുരിങ്ങയും മറ്റു മരങ്ങളും മുറ്റിത്തഴയ്ക്കുന്ന
ഭൂപ്രേദേശം!കർഷകനാണിയക് തുളുമ്പുന്ന
പച്ചത്തഴമ്പിന്റെ നെയ്ത്തുകാരൻ



# Our Inspiration . . .



Beloved H M
Radha.K.S

Mentors



# ആത്മസംതൃപ്തിയുടെ നിമിഷങ്ങളിലേക്ക് ഒരു എത്തി നോട്ടം

### പ്രിയ കായിക അധ്യാപകൻ നെൽസൺ മാഷുമായി കുട്ടികൾ നടത്തിയ അഭിമുഖത്തിൽ നിന്നും . . .

**അതുൽ** :ഊർജസ്വലനായി ഗ്രൗണ്ടിൽ ഓടിനടക്കുന്ന മാഷ് ഞങ്ങൾക്ക് എന്നും ഒരു പ്രചോദനം ആയിരുന്നു, മാഷിന്റെ ഒരു വിസിലിൽ നിശബ്ദമാകുന്ന ഓഡിറ്റോറിയം ഞങ്ങൾക്ക് ഒരു അത്ഭുതം തന്നെ.മാഷുമൊത്ത് കുറച്ച് നിമിങ്ങൾ പങ്കിടാൻ അവസരം ലഭിച്ചത്തിലുള്ള സന്തോഷം ആദ്യം തന്നെ പറയട്ടെ. ഇനി കുറച്ച് കുഞ്ഞു ചോദ്യങ്ങൾ സ്പോർസിലേക്ക് താത് പര്യം ഉണ്ടായത് എങ്ങനെ ?



**മാഷ്** :എന്റെ രണ്ടു സഹോദരന്മാരുടെ ആവേശം കായികത്തിലായിരുന്നു. ചെറുപ്പം മുതൽ ഇവരുടെ കളി കണ്ടുകൊണ്ടാണ് ഞാൻ വളർന്നത്. അതുകൊണ്ടു തന്നെ സ്വഭാവികമായും എനിക്ക് സ്പോർട്സിൽ താത് പര്യമുണ്ടായി

**അതുൽ**: വീട്ടിൽ നിന്ന് മാതാപിതാക്കളുടെ സപ്പോർട്ട് ഉണ്ടായിരുന്നോ?

**മാഷ്** :അമ്മ നല്ല സപ്പോർട്ട് ആയിരുന്നു.അച്ഛനും എതിർപ്പൊന്നും ഉണ്ടായിരുന്നില്ല.

**ജ്യോതിഷ്**: ഏതൊക്കെ കായിക ഇനങ്ങളിലാണ് താങ്കൾക്ക് താത് പര്യം ഉണ്ടായിരുന്നത്.?

**മാഷ്**:ഓട്ടത്തിലും ത്രോ ഇനങ്ങളിലും ഞാൻ മത്സരിച്ചിട്ടുണ്ട്. എന്നാലും കൂടുതൽ താത്പര്യം ഷട്ടിൽ.

**കൃഷ്ണ** :കായിക അധ്യാപകൻ എന്ന നിലയിൽ സ്കൂളിൽ  ജോയിൻ ചെയ്തപ്പോൾ ഉണ്ടായ അനുഭവങ്ങൾ ?

**മാഷ്**: എല്ലാവിദ്യാലയത്തിലേതു പോലെ ഇവിടെയും സ്പോർട്സിൽ ചേർന്നാൽ പഠനം പിന്നോക്കമാകുമെന്ന തെറ്റായ ധാരണ ഉണ്ടായിരുന്നത്കൊണ്ട് കുട്ടികളെ ഗ്രൗണ്ടിലിലേക്ക് കിട്ടാൻ ബുദ്ധിമുട്ടായിരുന്നു. പിന്നെ അടിസ്ഥാന സൗകര്യത്തിന്റെ കുറവ്.അതായത് കുട്ടികൾക്ക്പരിശീലനം കൊടുക്കാൻ മിനിമം 200 മീറ്റർ ഗ്രൗണ്ടെങ്കിലും വേണം.അത് ഇവിടെ ഉണ്ടായിരുന്നില്ല.പിന്നെ കുട്ടികളെ പരിശീലിപ്പിക്കാൻ അത്യാവശ്യമായ ഉപകരണങ്ങളുടെ കുറവ്. ഞാൻ വരുമ്പോൾ ഒരു തുരുമ്പിച്ച ഷോട്പുട്ട് മാത്രമേ ഉണ്ടായിരുന്നുള്ളൂ...

**അതുൽ** :ശ്രീനിത്ത്മോഹനെപോലെയുള്ള നാഷണൽചാമ്പ്യനെ വളർത്തി യെടുക്കാൻ ആവശ്യമായഭൗതിക സാഹചര്യങ്ങൾ എങ്ങനെ ഉണ്ടാക്കി എടുത്തു?



**മാഷ്**:ആദ്യം താത്കാലിക സൗകര്യങ്ങൾ ഞാൻ ഉണ്ടാക്കി യെടുത്തതാണ.നല്ലഹൈജെമ്പറിനെവളർത്തിയെടുക്കണമെങ്കിൽ ഫോംബെഡ്ആവശ്യമായിരുന്നു.അപ്പോൾ അപ്ഹോൾസ്റ്ററി കടകളിൽ ചെല്ലും ,അവിടെധാരാളം വേസ്റ്റ് ആയ  കട്ടപീസ് സ്പോഞ്ച് ഉണ്ടായിരുന്നു.കുന്ദംകുളം ,കേച്ചേരി ,ചൂണ്ടൽ ഭാഗങ്ങളിൽ പോയി ചണ ചാക്കിൽ ശേഖരിക്കും. തുന്നി കെട്ടി ഫോം ബെഡ് പോലെയാക്കും.അങ്ങനെയാണ് കുട്ടികളെ പരിശീപ്പിച്ചിരുന്നത്.പിന്നീട് സ്പോഞ്ച്കിട്ടാതായി. അപ്പോൾ ദേവസ്വം ലോഡ്ജിലെ ഫോം ബെഡ്ശേഖരിച്ചു.ഇത് പണ്ടത്തെപ്പോലെ ചാക്കിൽ കെട്ടി പിറ്റാക്കാൻ പറ്റില്ല.ബെഡ് നിറയ്ക്കണമെങ്കിൽഷിപ്പ് കാർഗോയിൽ  ഉപയോഗി ക്കു ന്ന ടാർപോൾ കിട്ടണം .പല സ്ഥലങ്ങളിലും അന്വേഷിച്ച്മദ്രാസിൽ നിന്ന് കണ്ടെത്തി അതിൽ പരിശീലിച്ചാണ്ശ്രീനിത്ത് നാഷണൽ റെക്കോഡ്തകർത്ത്താരമായത്.

ഈ വിജയം ശ്രീകൃഷ്ണയെ കായിക ഭൂപടത്തിൽ അടയാളപ്പെടുത്തിയ സന്ദർഭമാണ്. ഇതേ തുടർന്ന് ദേവസ്വം ലോക നിലവാരമുള്ള ഹൈജമ്പ് പിറ്റ് സ്കൂളിന് അനുവദിച്ചു തന്നു. അങ്ങനെ സംസ്ഥാനത്തെ നല്ല ഹൈജമ്പ് പിറ്റുള്ള അഞ്ച് സ്കൂളുകളിൽ ഒന്നായി ശ്രീകൃഷ്ണ മാറി.

അങ്ങനെ നല്ല പരിശീലനം കൊടുക്കാൻ സാധിക്കുകയും ചെയ്തു. തുടർന്ന് കെ.എസ്.അനന്തു എന്ന ഒരു ഇന്റർ നാഷണൽ ചാമ്പ്യനെ കൂടി ലഭിച്ചു. അതോടു കൂടി എല്ലാ ഉപകരണങ്ങളും ദേവസ്വത്തിന്റെ സഹായത്തോടു കൂടി സ്കൂളിന് ലഭിച്ചു .ശ്രീനിത്ത് മോഹനനു മുമ്പ് സംസ്ഥാന സ്കൂൾ മീറ്റിൽ അരുൺ .കെ. അരവിന്ദാക്ഷൻ വെങ്കല മെഡൽ നേടിയിരുന്നു.

**കൃഷ്ണ**: ബൗദ്ധിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ മാഷ് നടത്തിയ പ്രവർത്തനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത്.

**മാഷ്** : 11 വർഷത്തെ തുടർച്ചയായ നിവേദനം ദേവസ്വത്തിന് കൊടുത്തതിന്റെ ഫലമായാണ് 2005- ൽ 200 മീറ്റർ ഗ്രൗണ്ട് ശ്രീകൃഷ്ണയ്ക്ക് സ്വന്തമായി ലഭിച്ചത്.ഇത് വളരെ സന്തോഷം നൽകി.

**അതുൽ** : സ്പോർട്സിൽ മികവുള്ള കുട്ടികൾ പഠനത്തിൽ പിന്നാക്കമുള്ളവരാണ് എന്ന ധാരണ ശരിയാണോ?

**മാഷ്** :ശരിയല്ല,കഴിഞ്ഞ 15 വർഷമായിട്ട് ജില്ലയിലും സംസ്ഥാന തലത്തിലും പങ്കെടുത്ത കുട്ടികൾ ഒരാൾ പോലും SSLC, +2 പരീക്ഷയിൽ തോറ്റിട്ടില്ല. ഓരോ കൊല്ലവും 100 -150 കുട്ടികൾ സ്പോർസ് മികവ് കൊണ്ട് ഹയർ എഡ്യൂക്കേഷൻ യോഗ്യത നേടുന്നുണ്ട്. അനന്തുവും ശ്രീനിത്തും ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നത് കണ്ടാൽ എല്ലാവരും അതിശയപ്പെടും..നാഷണൽ ഇൻറർനാഷണൽ ചാനലുകളിൽ എത്ര ആത്മവിശ്വാസത്തോടുകൂടിയാണ് ഇവർ സംസാരിക്കുന്നത്. ഒരു കായികാധ്യാപൻ എന്ന നിലയിൽ ചാരിതാർത്യമടയുന്ന നിമിഷങ്ങളാണ് ഇതൊക്കെ.

**കൃഷ്ണ** : മാഷുടെ ഔദ്യോഗിക കാലഘട്ടത്തിൽ ശ്രീകൃഷ്ണയ്ക്ക് കിട്ടിയ മികച്ച ബഹുമതികൾ എന്തൊക്കെയാണ്?

**മാഷ്** :5 പ്രാവശ്യം തുടർച്ചയായി ചാവക്കാട് വിദ്യാഭ്യാസ ജില്ലാ ഓവർഓൾ ചാമ്പ്യൻഷിപ്പ്.2 വർഷം തുടർച്ചയായി റവന്യൂ ജില്ലാ ഓവർഓൾ



ചാമ്പ്യൻഷിപ്പ്. തുടർച്ചയായ പത്ത് വർഷം സബ് ജില്ലാ അത്ലറ്റിക് ചാമ്പ്യൻഷിപ്പ്. കഴിഞ്ഞ 2 വർഷം തുടർച്ചയായി അത്ലറ്റിക്സിലും ഗെയിംസിലും ഓവർഓൾ ചാമ്പ്യന്മാരായി അപൂർവ നേട്ടം കൈവരിച്ചിട്ടുണ്ട്. കൂടാതെ ഗെയിംസ് വിഭാഗത്തിൽ നമുക്ക് സംസ്ഥാന ചാമ്പ്യന്മാരും ഉണ്ടായിരുന്നു.

**സത്യനേഷ്**: മാഷ് ഈ വർഷം സർവീസിൽ നിന്ന് വിരമിക്കുന്നത് തികഞ്ഞ ആത്മസംതൃപ്തി യോടു കൂടി തന്നെയാണല്ലോ?കായിക മേഖലയിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ്ഇനിയും ചെയ്യാൻ ഉദ്ദേശിക്കുന്നത് ?

**മാഷ്** :അതെ സജീവമായി കായിക മേഖലയിൽ പ്രവർത്തിക്കാൻ തന്നെയാണ് എന്റെ ഉദ്ദേശം .റിട്ടയർമെന്റ് വിശ്രമത്തിനുള്ളതല്ല .

**കുട്ടികൾ** :ഇനിയും താരങ്ങളെ വാർത്തെടുക്കാൻ മാഷിന് കഴിയട്ടെ. നന്ദി.

**മാഷ്** : സന്തോഷം.

# ജീവിതത്തെ സൗന്ദര്യപ്പെടുത്തുന്നതു ഇങ്ങനെയൊക്കെയാണ്...

നീണ്ട 30 വർഷത്തെ ഔദ്യോഗിക കാലഘട്ടത്തിൽ കുട്ടികളുടെ കലാപരവും സാഹിത്യപരവുമായ വാസനകളെ പരിപോഷിപ്പിക്കാൻ ഞാൻ ആവുന്നത്ര ശ്രമിച്ചിട്ടുണ്ട് തുടർച്ചയായി 19 വർഷം സബ് ജില്ലാ കലോത്സവത്തിൽ ശ്രീകൃഷ്ണ സ്കൂളിന് സംസ്കൃതോത്സവം ആഗ്രിഗേറ്റ് 1st വാങ്ങിക്കൊടുക്കാൻ സാധിച്ചതിൽ അതിയായ സന്തോഷമുണ്ട്.കൂടാതെജില്ലയിലും സംസ്ഥാനത്തിലും A ഗ്രേഡ് നേടിയ ധാരാളം വിദ്യാർഥികളെ വാർത്തെടുക്കാനായത് നിറമുള്ള ഓർമ്മകളാണ്.

ഔദ്യോഗിക ജീവിതത്തിലെ നീണ്ട 27 വർഷത്തിനിടയിൽ ഒട്ടേറെ അനുഭവങ്ങൾ..നന്മ ക്ലബിന്റെ ചുമതല വേറിട്ട ഒന്നായിരുന്നു..കുട്ടികൾ നന്മ മരമാകുന്ന കാഴ്ചകൾ ഏറെ സന്തോഷി പ്പിച്ചു . വൃദ്ധസദനത്തിലെ അന്തേവാസികളു മൊത്ത് ചിലവഴിച്ചനിമിഷങ്ങൾ ജീവിതത്തിലെ ഏറ്റവും സമ്മോഹനമുഹൂർത്തങ്ങൾ ആയിരുന്നു ,'കുട്ടികളിൽ കാരുണ്യം സഹജീവി സ്നേഹം പരസ്പര പങ്കാളിത്തത്തോടെയുള്ള പ്രവർത്തനം തുടങ്ങിയ മാനസിക മൂല്യങ്ങൾ വളർത്തിയെടുക്കാനുള്ള പ്രവർത്തനങ്ങളിൽ പങ്കാളിയാകാൻ സാധിച്ചതിൽഎനിക്ക് ഏറെ അഭിമാനമുണ്ട്.



**ഉഷ ടീച്ചർ**

HSA സംസ്കൃതം



**ഉമാദേവി ടീച്ചർ**

HSA ഹിന്ദി

# നിളനീര്

തുള്ളിത്തുള്ളി
ക്കാട്ടുകൾ താണ്ടിയ
തെളിനീരിന്നെവിടെ
ഉള്ളം കയ്യാൽ
കോരിയെടുത്തൊരു
നിളനീരിന്നെവിടെ
ഉള്ളം പൊള്ളും
മണലായ് മാറിയ
നിൻ പൊരുളറിയാനായ്
വള്ളിക്കുടിലുകൾ
ആളിപ്പോയതിൻ
പൊരി തിരയട്ടെ ഞാൻ

ഇരു കര മുട്ടി -
ക്കരനിറയെ നെൽ
ക്കതിരായ് വിളയിച്ചും
വല നിറയും പൊൻപരലുകളാൽ നൽ
തിരി തെളിയിച്ചു നീ
കിണറിനുള്ളിൽ
തെളിനീർക്കണമായ്
അണയുവതും നീയേ
കടലിൽ ചേരാൻ
കടവുകൾ താണ്ടി
കടന്നു പോയോ നീ

കാട്ടുകൾ വെട്ടി
തോട്ടുകൾ വെട്ടി
തടയണയും കെട്ടി

പേടിപ്പിച്ചും പീഡിപ്പിച്ചും
അടിമപ്പെണ്ണാക്കി

പവറുണ്ടാക്കി
ചവറുകൾ തള്ളി
ഗർവിതനാം മർത്യൻ
ചതിയുടെ കൊതിയുടെ
ചിതയിൽത്തള്ളും
സീതപ്പെണ്ണോ നീ
കുഞ്ഞിക്കൈകൾ
കരാളഹസ്തം
പിടിച്ചുകെട്ടട്ടെ
അമ്മക്കൈകൾ
വാത്സല്യത്താൽ
പൊതിഞ്ഞു കാക്കട്ടെ
പലവുരു പാടിയ
പാട്ടുകൾ വീണ്ടും '
പാടി ക്കൂടാം ഞാൻ
പാട്ടുകൾ പാടി
പുഴയെ കാക്കാൻ
പാണൻ തുടികൊട്ടാം
ഈ പാണൻ തുടികൊട്ടാം

**എം വി മധു**
**( HSA NS)**

# ലിങ്ക്

ക്യൂവിലാണ്
കുറച്ച് പയറുവർഗ്ഗങ്ങൾ വാങ്ങാൻ,
(ജീവിതത്തിന്റെയും!)

ഡബ്ബിംഗ് പോലെ
ഫോണിൽ ശബ്ദം
വിരേചനം ഉണ്ടാക്കുന്നുവെങ്കിൽ
വിളിക്കുന്നില്ല,
എസ്സെമ്മസ്സിൽ വിനിമയിക്കാമല്ലോ,

ങാ....
പച്ചക്കറിക്ക് തീവില
വൈദ്യുതിക്കും വെള്ളത്തിനും
പ്രാണവില
ടാറ്റാ ഇന്റികോമിന് കൊള്ളവില
ടോപ്പപ്പിന് തീർപ്പവില
എങ്ങനെ ,
എങ്ങനെ
ജീവിതത്തിലേക്ക് കയറും?

പത്രക്കാരൻ പണം
നിശ്ചിതദിനത്തിൽ ഉറപ്പിച്ചു
പാൽക്കാരൻ
പാൽവില
മുൻകൂട്ടി തീരുമാനിച്ചു
കുട്ടൻ കൽപ്പിച്ചു,വിശപ്പ് മാറണം,
ട്യൂഷൻസെന്ററിൽ
കണക്ക്,
കണക്കാണ്.
ശമ്പളം എണ്ണിനീട്ടുന്ന സാറിന്റെ മട്ട്
തറവാട്ടുപങ്ക് പകുക്കുംപോലെ
വടക്കേതിലെ രാധേട്ടന്
ചുളിവിൽ ചിട്ടിയടയാതെ
കുറുമ്പിപ്പൂച്ചയ്ക്ക് എറച്ചി മണക്കാതെ
സമ്മേളനങ്ങൾ  ജാഥകൾ
ധർണ്ണകൾ
മരിച്ചറിയിപ്പുകൾക്കിടയിൽത്തുർന്ന
ക്യൂവിൽ
എങ്ങോട്ടാണിനി
ലിങ്ക്  ചെയ്യേണ്ടത്......



**ടി എം ലത** ( HSA Mal )

# കറുത്ത കുറിപ്പുകൾ

**ജൂലിയറ്റ്.കെ** ( HST MAL )

കാലത്തിന്റെ രൗദ്രമായ അട്ടഹാസങ്ങൾക്കു നടുവിൽ ചകിതനാകുന്ന കവി, ഹൃദയത്തെ കീറിമുറിക്കുന്ന മുൾക്കുരിശുമായാണ്  ജീവിതത്തിലൂടെ പ്രയാണം നടത്തുന്നത് .കലഹിക്കാനോ തന്റെ ക്രോധത്തീകൊണ്ട്  സകലതും എരിച്ചടക്കാനോ കഴിയാതെ ആത്മപീഡയിൽ വെന്തുരുകുന്ന കവിയെ 'കറുത്തകുറിപ്പുകൾ' സാക്ഷ്യപ്പെടുത്തുന്നു . തനിക്കുചുറ്റും സംഭവിക്കുന്ന അനീതികളിൽ വർണവെറികളിൽ,'ആണഹങ്കാര'ത്തിന്റെ അധാർമികമായ വിജയക്കുതിപ്പുകളിൽ സ്വയം ഉരുകിയുരുകി കവിയുടെ പ്രതിഷേധം ലാവയായി പരക്കുന്നു. ഒരു മെഴുകുതിരിപോലെ സ്വയമെരിഞ്ഞ് പ്രകാശിക്കാനല്ലാതെ കവിക്ക് മറ്റൊന്നിനുമാകില്ലല്ലോ!. കറുത്തവരുടെ വിഷാദമൂറുന്ന സംഗീതം നമുക്ക് ചെവിക്കൊള്ളാനാകില്ലെങ്കിൽ നാടിന്റെ എല്ലാ നന്മകളും പടിയിറങ്ങിപ്പോയി ഭൂമി ഊഷരമായിത്തീരുമെന്ന മുന്നറിയിപ്പാണ് എസ് .രമേശന്റെ ഓരോ കവിതയും.

ആണധികാരത്തിന്റെ കോയ്മകളിൽ സ്വത്വം നഷ്ടപ്പെട്ട് ഘനീഭവിച്ച പെൺജീവിതക്കാഴ്ച്ചയാണ് കറുത്ത കുറിപ്പുകൾ എന്ന കവിത.എത്ര അലക്കിയിട്ടും വെളുക്കാത്ത മലിന വസ്ത്രം പോലെ, എത്ര ഉണക്കിയിട്ടും ഉണങ്ങാത്ത എല്ലിൻകമ്പുകൾപോലെ,എത്ര വളച്ചിട്ടും വളയാത്ത കവുങ്ങിൻനിരപോലുള്ള അവളുടെ ശൈശവത്തെക്കുറിച്ച് കവി നൽകുന്ന കറുത്തസൂചകങ്ങൾ ഒട്ടും അതിശയോക്തി കലർന്നതല്ല.പെണ്ണിന്റെ ബാല്യം അത്രമേൽ പരുക്കനും നിറമില്ലാത്തതുമായിത്തീരുന്നുണ്ട് . അവളൊരു കീഴാള പെൺകൊടിയാണെങ്കിലോ?ജീവിതം കരിപുരണ്ട പാഠങ്ങൾ മാത്രമാകുന്നു. അധികാരപുളപ്പുകളിൽ അവൾ ഒരു ലൈംഗികോപകരണം ആയി അധ:പ്പതിക്കുന്നു. മിഠായി മധുരമോ സമ്മാനപ്പൊതികളോ അല്ല കൗമാരത്തിൽ അവളെ കാത്തിരുന്നത്. പതിമൂന്നാമത്തെ വയസ്സിൽ ഒരു കറുത്ത പക്ഷത്തിൽ അവൾ അച്ഛനാൽ ബലാത്സംഗം ചെയ്യപ്പെടുന്നു.

അവളുടെ കരച്ചിൽ കേൾക്കാനാരുമുണ്ടായിരുന്നില്ല ഞാറ്റുവേലക്കിളികളിലൊന്നിനെ മാറോടണച്ച് കറുത്തവാവ്പൊലിയുംവരെ അവൾ കരഞ്ഞുകൊണ്ടിരിന്നു.

മഴച്ചാറിൽ കുളിച്ച വിഷുപക്ഷത്തിലെ അവളുടെ കല്യാണരാവിൽവെച്ച് വീണ്ടും ഭർത്താവിനാൽ അവൾ വീണ്ടും ബലാത്സംഗംചെയ്യപ്പെടുന്നു. കൊയ്ത്തുകഴിഞ്ഞ ഉത്സവപ്രതീതിയിൽ മഴച്ചാറിൽ കുളിച്ച വിഷുപക്ഷത്തിലാണവളുടെ കല്യാണം. ആരെയും റൊമാന്റിക് ആക്കുന്ന പ്രകൃതി. പക്ഷെ പെണ്ണിന്റെ സ്വപ്നങ്ങൾ മാത്രം കരിന്തിരി കത്തുന്നു. സ്വാതന്ത്ര്യ വിഹായസ്സിൽ ചിറകടിച്ച് പറക്കാനുള്ള മോഹചിന്തകൾ കരിഞ്ഞുണങ്ങുന്നു. അധികാരത്തിന്റെ ബലാത്കാരത്തിനു മുമ്പിൽ അസ്തിത്വം നഷ്ടപ്പെട്ട് നിസ്സഹായയായി കേഴുന്ന പെണ്ണിന്റെ ചിത്രം ദുസ്സഹമായ ഒരനുഭവമാകുന്നു. അമ്മയെ ബലാത്സംഗം മകനെ കൂടി അവതരിപ്പിച്ചാണ്.

എസ് .രമേശൻ തന്റെ കുറിപ്പുകൾ എന്ന കവിതയ്ക്ക് വിരാമമിടുന്നത്. ഞെട്ടിക്കുന്ന സത്യങ്ങൾ പുകയുന്ന യാഥാർത്ഥ്യങ്ങൾ ഇരുളടഞ്ഞ നാളെകൾ ഇതൊക്കെയാണ് ഓരോ പെണ്ണിനേയും കാത്തിരിക്കുന്നതെന്ന ഇരുണ്ട യാഥാർത്ഥ്യമാണ് ഈ കവിത.

കയ്ക്കുന്ന യാഥാർത്ഥ്യങ്ങളാണ് കവിയ്ക്ക് പറയാനുള്ളതെങ്കിലും അതീവഹൃദ്യമായ പ്രകൃതിബിംബങ്ങൾ കവിതയിൽ നിറയുന്നുണ്ട്. മണ്ണിനോടും പ്രകൃതിയോടും ഇണങ്ങി നിൽക്കുന്ന തികച്ചും ദ്രാവിഡമായ സാംസ്കാരിക അവബോധമായിരിക്കാം ഇതിനു കാരണം. ഒരു തരം കീഴാള ആത്മീയത ഈ കവിതയിൽ നിറയുന്നുണ്ട്. ലാവണ്യം വറ്റിവരണ്ടുണങ്ങുന്ന ജീവിത ഭൂമിയെ അവതരിപ്പിക്കുമ്പോൾത്തന്നെ ഞാറ്റുവേലക്കിളി,കൊയ്ത്ത്, കറ്റതല്ല്, പത്താമുദയം, പത്തായവയറുകൾ, പൂനെല്ല്,മഴച്ചാറ്, വിഷുപക്ഷം, കൗങ്ങിൻ നിര,തോട്ടിറമ്പ്, കുംഭമാസപ്പകലുകൾ........... ഇത്തരത്തിലുള്ള കാവ്യബിംബങ്ങളിലൂടെ കവിതയിൽ പ്രകൃതിയുടെ സൗന്ദര്യാനുഭൂതികൾ നിറയുന്നുണ്ട്.

വായിച്ച് ശീലിച്ചതും സിനിമ ഫ്രെയിമുകളിൽ കണ്ടുനിറഞ്ഞതുമായ ഫ്യൂഡൽ സംവേദനശീലങ്ങളിൽനിന്നും തീർത്തും വ്യത്യസ്തമായ ആശയതലങ്ങളാണ് കവിതയിൽ സ്വീകരിച്ചിട്ടുള്ളത്. ഉശനിലയും ഉമ്പപ്പച്ചോറും,പടിപ്പുരയും,കുളക്കടവും നിറഞ്ഞുനിൽക്കുന്ന ആഢ്യാഹങ്കാരത്തിന്റെ ഭൂമികയിൽ നിന്ന് കീഴാളജീവിതത്തിന്റെ നനവിലേക്കാണ് കവിത ഇറങ്ങി വരുന്നത്.വിണ്ണിൽനിന്ന് മണ്ണിലേക്ക്, കറുത്ത് വരണ്ട ഇരുണ്ട ഭൂമികയിലേക്ക്,

വിശപ്പടക്കാൻ തോട്ടിറമ്പിലെ

വിഷക്കായ്കനികൾ

കളിച്ചുകേറാൻ ചേറഴുകിയ

കറുത്ത മടൽക്കുഴികൾ

കുളിച്ചുതിമിർക്കാൻ

കരിപുരണ്ട പാടങ്ങൾ, കത്തുന്ന

കുംഭമാസ  പകലുകൾ

പഠിച്ചുവളര്ന ജാതിയുടെ

കരിപുരണ്ട പാഠങ്ങൾ

നീ ഒരു കറുത്ത കുട്ടിയാകുന്നു

കറുത്ത കുട്ടികൾ

കരിപുരണ്ട പാഠങ്ങൾ ക്കെല്ലാം

ശൈശവം

ഒരുപോലെ ആകുന്നു.

വിശപ്പടക്കാൻ കഞ്ഞിവെള്ളംപോലുംകിട്ടാതെ തോട്ടിറമ്പിലെ വിഷക്കായ്കനികൾ ഭക്ഷിക്കേണ്ടുന്ന ബാല്യം. നീന്തിത്തുടിച്ചു കയറാൻ തെളിനീരുവെള്ളമല്ല ചേറഴുകിക്കിടക്കുന്ന മടൽക്കുഴികളാണവൾക്കുള്ളത്. പഠിച്ചുവളരേണ്ടത് 'ഖരഹരപ്രിയ' രാഗമല്ല ജാതിയുടെ കരിപുരണ്ട പാഠങ്ങളാണ്. നമ്മയുടെ ആസ്വാദന ശീലങ്ങളിൽ നിറഞ്ഞുനിൽക്കുന്ന സവർണമായ സൗന്ദര്യാനന്ദങ്ങളിലല്ല കറുത്ത വിളർത്ത ചളിചേറാണ് കവിതയുടെ വാസസ്ഥലം. 'മലിന വസ്ത്രം, വിശക്കായ്കനികൾ, കരിപുരണ്ട പാഠങ്ങൾ, കറുത്ത കുട്ടികൾ, കറുത്ത വാവ് ,കത്തിയെരിയുന്ന വേദന, കരിന്തിരികത്തുന്ന വിളക്ക്, കണ്ണീരിൽ നനയ്ക്കുക, എന്നീ പ്രയോഗ വിശേഷങ്ങൾ കറുത്തു കല്ലിച്ച സത്യങ്ങളെ അനാവരണം ചെയ്യാൻ പര്യാപ്തങ്ങളാണ്

ഹിന്ദുത്വത്തിന്റെ കോഡ് ഓഫ് എത്തിക്സ് ആയ മനുസ്മൃതിയുടെ അന്തസത്തയെ ചോദ്യംചെയ്തുകൊണ്ടുതന്നെയാണ് അദ്ദേഹം കവിത അവസാനിപ്പിക്കുന്നത്.

പെറ്റണങ്ങാത്ത വയറും

അസ്ഥികളിലുംഉയിരിലും

കത്തിയെരിയുന്ന വേദനയുമായി

കരിന്തിരികത്തുന്ന വിളക്കിനടുത്ത്

കണ്ണീരിൽ നനഞ്ഞിരിക്കെ

അവൾ അവസാനമായി

ബലാത്സംഗംചെയ്യപ്പെട്ടു

ആദ്യം പിതാവ്

പിന്നെ ഭർത്താവ്

അവസാനം മകൻ

(കറുത്ത കുറിപ്പുകൾ)

'പിതോ രക്ഷതി കൗമാരേ

ഭർത്തോ രക്ഷതി യൗവ്വനേ

പുത്രോ രക്ഷതി വർദ്ധക്യേ '

(മനുസ്മൃതി )

രക്ഷകവേഷം ചമയുന്ന സവർണ്ണ പുരുഷ അധികാരബിംബങ്ങളാണല്ലോ മനുസ്മൃതിയിൽ ആഘോഷിക്കപ്പെടുന്നത്. പുതിയകാലത്തെത്തുമ്പോൾ ഇത് ബലാത്കാരത്തിന്റെ ആക്രോശങ്ങൾ നിറഞ്ഞ് കൂടുതൽ ഭീതിതമാകുന്നു. കാലം എത്ര മുമ്പോട്ട് കുതിച്ചാലും ബ്രഹ്മണാധികാരത്തിന്റെ അധികാരസ്വരൂപങ്ങൾ കീഴാളപ്പെണ്ണിന്റെ ജീവിതത്തെ കുഴിച്ചുമൂടുന്നു.സ്വപ്നത്തിനോ ഭാവനയ്ക്കോ സ്വാതന്ത്ര്യബോധത്തിനോ ഇടമില്ലാത്ത വിധം കണ്ണീരിൽ കുതിർന്ന അവളുടെ ജീവിത ത്തിനു മുകളിൽ താണ്ഡവനൃത്തമാടുന്ന അധികാര കോയ്മകളെക്കുറിച്ചുള്ള തിരിച്ചറിവാണ് ഈ കവിത

# ഒരു പൂവിന്റെ പരിദേവനം

കുന്നിൽ ചെരിവിലായ് ഒറ്റക്കിരിക്കവേ
മെല്ലെയാരോ പേര് ചൊല്ലി വിളിച്ചുവോ
വിറയാർന്ന കൈകളാൽ തൊട്ടുതലോടിയോ?
ആർദ്രമാം ശിഞ്ചിതം പോലെ

മനസ്സിന്റെ കോണിലെവിടെയോ
കേട്ടു മറന്നൊരാ മൃദുലസ്വരം
എവിടെ? എവിടെ? ഓർമ്മകൾ
സൂര്യകാന്തി പൂക്കളായ് വിടർന്നു നിൽപ്പൂ

പൂമ്പാറ്റ പെണ്ണൊന്നു പട്ടുചുറ്റി
തത്തി പറക്കുന്നു കുളിർമയേകി
ചിറകിന്റെ ഞൊറികളിൽ
പാറി പറക്കുന്നു നിറയോർമ്മകൾ

ഹൃദയത്തിൽ അറകളിൽ ചുട്ടുനിണത്താൽ
ഞാനൊളിപ്പിച്ച പീലി തുണ്ടുകൾ
വർണ്ണമയൂരങ്ങളായോ ......
നർത്തനമാടിടുന്നു......

വീണ്ടും മൃദുലമാംമാസ്വരം...... മനസ്സാരോ
കട്ടെടുത്തു പറന്നുവോ?
സ്നേഹദ്രമാം ആസ്വരം
ഒരു മഞ്ഞുതുള്ളിയായ് അലിഞ്ഞു പോയ് ഞാൻ

മനക്കണ്ണിൽ അഗ്നി ജ്വാലയായ് മിന്നുന്നു
നീലാംസരീ സിന്ദു മദ്ധ്യത്തിലായ്
പീലിച്ചുരുൾ മുടിക്കെട്ടുമായ് നിൽക്കുന്ന
കാർമേഘവർണ്ണന്റെ മായാരൂപം!

ജന്മാന്തരങ്ങളായ് ഞാൻ
തേടിയലയുന്ന ഘനശ്യാമവർണ്ണന്റെ
തേജോരൂപം........ ഇനിയെനിക്കില്ല പരിഭവം
നിന്നിലായ് അലിഞ്ഞൊഴുക്കട്ടെ ഞാൻ

**സോണിയ** KP
HST Eng

# കാട്

ജ്യോതിഷ് കുമാർ MR 9G

ആദിത്യനും വസിക്കുന്ന
തിങ്കളും വസിക്കുന്ന
താരങ്ങളും വസിക്കുന്ന
ഹരിതമാം സുന്ദര കാട്

മാനും വസിക്കുന്ന
കരിയും വസിക്കുന്ന
ജംബുകവും വസിക്കുന്ന
ഹരിതമാം സുന്ദര കാട്

വർഷവും വസിക്കുന്ന
മാരുതനും വസിക്കുന്ന
താപ്പനിലനും വസിക്കുന്ന
ഹരിതമാം സുന്ദര കാട്

നാകമോ അതോ നിദ്രയോ
ഈ മിഴികളിൽ നിൽക്കും കാഴ്ച
കാടിന്റെ മധ്യത്തിൽ ഒഴുകുന്ന
ജല സമ്പന്നമാം പുഴ

മനുഷ്യനും അംഗമായി
അതിക്രമങ്ങൾ ഏറിവന്നു
ഒന്നൊന്നായ് നശിപ്പിച്ചു അവൻ
ഹരിതമാം സുന്ദര കാടിനെ

തണലില്ല തെളിനീരുമില്ല
മരുഭൂമിയ്ക്ക് തുല്യമാം കാട്
നാകമോ അതോ നരകമോ
ഈ മിഴികളിൽ നിൽക്കും കാഴ്ച

ഒരുങ്ങുക മനുഷ്യാ ചരമഗതിക്കായ്
ഒരുങ്ങുക ഭൂമിയെ ചരമഗതിക്കായ്
ഒടുവിൽ മനുഷ്യനു മോഹം ഭൂമിയുടെ
മാറിൽ രക്തം കുടിച്ചു തെഴുക്കാൻ

ഒരുങ്ങുക ഭൂമിയെ നിൻ
പ്രാണവേദനക്കായ് ഇതു
നിന്റെയെന്റെയും ചരമ ശുശ്രൂഷക്കായ്
ഹൃദയത്തിൽ ഇന്നേ കുറിച്ച ഗീതം

# SOME PROUD MOMENTS OF SREEKRISHNA





**Akshay & Team**
MADHALAM STATE A GRADE

**Akhil**
Nadaswaram STATE B GRADE




**Hiba mariyam**
4th in **National** level
**yoga** championship



**Aslam & Rahul**
Social Science fair first A grade











**നെൽസൺ മാഷിന് സ്കൂളിന്റെ സ്നേഹാദരം**




**സത്യസന്ധതക്കുള്ള  അംഗീകാരം**

# നവ കേരളം

**ജ്യോതിഷ് കുമാർ എം.ആർ 9G**

2018 -ലെ പ്രളയം മലയാളികൾക്ക് ഉത്തമപാഠമാണ് നൽകിയത്. ഏകദേശം 2000 കോടിയുടെ നഷ്ടം കേരളത്തിന് നേരിടേണ്ടിവന്നു. പുഴകളും തോടുകളും എല്ലാം മലിനമായി.ശുദ്ധജലം കിട്ടാതെയായി. എന്നാൽ നവകേരളനിർമാണം എങ്ങനെയെന്ന് മലയാളികളായ നമ്മൾ ഓർക്കേണ്ടിയിരിക്കുന്നു .

എല്ലാവർഷവും വരൾച്ച നേരിടുന്ന നമ്മൾ കേരളത്തിന്റെ ജലസംരക്ഷണവും,പെട്രോളിന്റെ വില കുതിച്ചുയരുന്ന സമയത്ത് ഉർജ്ജസംരക്ഷണവും, പ്ലാസ്റ്റിക്കിന്റെ അധിക ഉപയോഗവും നമ്മൾ ശ്രദ്ധിക്കേണ്ടതാണ് .

വരൾച്ചയെക്കുറിച്ചു പറയുമ്പോൾ പുഴകൾകൊണ്ട് സമ്പന്നമാണ് കേരളം. 44 പുഴകൾ ഉണ്ടായിട്ടും വരൾച്ച നേരിടുന്നതിന്റെ കാരണം ശാസ്ത്രലോകം പലരീതിയിലും അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. പ്രളയത്തിൽ കേരളത്തിന് 41.2 ശതമാനം അധിക മഴ ലഭിച്ചിട്ടും വരൾച്ചയാണ്. ഇപ്പോൾ ഇതിനു കാരണം പുഴകളിലെ എക്കലും മണലും ഒലിച്ചുപോയി എന്നതാണ്. ഇത് സംരക്ഷിക്കാൻ എക്കലും മണലും തുല്യമായി വീതിക്കുന്ന അടിയണകൾ നിർമിക്കുന്നതാണ് ഉത്തമം. സിമെന്റും കലും ഉപയോഗിച്ചുള്ള അടിയണകൾക്കുപകരം കളിമണ്ണ് കൊണ്ടുള്ള അടിയണകകളായിരിക്കും നല്ലത്. അതിന്മേൽ കയർഭൂവസ്ത്രം പോലെയുള്ള സാധനങ്ങളും ചേർക്കും ഇത്തരം കൊച്ചു കാര്യങ്ങൾ കൂട്ടിയിണക്കിയാൽ പുഴയെ നമ്മുക്ക് തിരിച്ചു പിടിക്കാം

ഉർജ്ജസംരക്ഷണത്തിന്റെ കാര്യം നോക്കിയാൽ പെട്രോളിയത്തിൽ നിന്ന് ലഭിക്കുന്നത് ഡീസൽ,പെട്രോൾ,പാചകവാതകമായ എൽ.പി.ജി, മണ്ണെണ്ണ എന്നിവലഭിക്കുന്നുണ്ട് ഇതെലാം നല്ല ഊർജ ഉറവിടങ്ങളാണ്. ഇതുകൂടാതെ ഏറ്റവും വലിയ സൂര്യനും, കാറ്റും, കൽക്കരിയും ഒക്കെയുണ്ട്

ഇത് വേണ്ടവിധത്തിൽ ഉപയോഗിക്കുന്നതിലാണ് പ്രശ്നം. വാഹനങ്ങൾ പെട്രോളും ഡീസലും മാത്രം ഉപയോഗിക്കാതെ സോളാർ പാനൽ ഉപയോഗിച്ചുകൊണ്ട് വാഹനങ്ങൾ നിരത്തിലിറക്കാം.കാറ്റിൽ നിന്നും ജലത്തിൽ നിന്നും വൈദ്യുതി ഉണ്ടാക്കാം.ഇതിന് വിൻഡ് മില്ലും ഡാമുകളും നിർമിക്കാം

പ്രളയത്തിൽ എല്ലാമനുഷ്യനും ഒന്നുചേർന്ന് രക്ഷാപ്രവർത്തനം നടത്തി.ജാതി മതമില്ലാതെ എല്ലാവരും ഒരുമിച്ചു. അതുപോലെ തന്നെ നമുക്ക് 'നവകേരളമിഷന് ' കൈക്കോർക്കാം.

# Club activities……….










S.P.C











# സത്യവും നീതിയും ഗാന്ധിയുടെ കാഴ്ചപ്പാടിൽ

ശ്രീ M J ചെറിയാൻ തത്വശാസ്ത്രത്തിൽ ഡോക്ടറേറ്റ് ബിരുദത്തിനായി മൈസൂർ സർവകലാശാലയിൽ സമർപ്പിച്ച "സത്യവും നീതിയും ഗാന്ധിയുടെ കാഴ്ചപ്പാടിൽ" എന്ന പ്രബന്ധം ഞാൻ ശ്രദ്ധയോടെ വായിച്ചു. മഹത്തായ ഗാന്ധിയൻ ആദർശത്തിന്റെ സനാതനമായ പ്രശസ്തിയെയും സ്വാതന്ത്ര്യാനന്തര ഇന്ത്യൻ സാഹചര്യത്തിൽ, ഇതിന്റെ പ്രസക്തി എന്താണെന്നുള്ള സൂക്ഷ്മ പഠനത്തിന്റെയും വിശകലനത്തിന്റെയും രംഗത്ത് വിലപ്പെട്ട ഒരുദ്യമമാണ് ഇതെന്ന കാര്യത്തിൽ സംശയമില്ല കൈകാര്യം ചെയ്തിരിക്കുന്ന പ്രശ്നങ്ങളുടെ സ്വഭാവവും അനുവർത്തിച്ചിരിക്കുന്ന സമ്പ്രദായവും വിശദമായി പ്രതിപാദിക്കുന്ന പത്തു അധ്യായങ്ങൾ ഇതിലുണ്ട് തുടർന്ന് ഗാന്ധിയുടെ ജീവിതത്തിന്റെയും വീക്ഷണത്തിന്റെയും വിവരണമാണ് സത്യത്തിന്റെ ഭാവം, പ്രവർത്തി, അക്രമരാഹിത്യം, സ്നേഹം ,ഈശ്വരൻ, നിയമവും നീതിയും, ഇവയുമായുള്ള സത്യത്തിന്റെ ബന്ധം എന്നിങ്ങനെ വിവിധ വിഷയങ്ങൾക്ക് പ്രത്യേകം അധ്യായങ്ങൾ നീക്കിവെച്ചിരിക്കുന്നു ആധുനികലോകത്തിൽ മഹാത്മാ ഗാന്ധിയുടെ പ്രസക്തി, സത്യത്തിന്റയും നീതിയുടേയും പ്രശസ്തി, സത്യത്തിനുസമാനമായ ഗാന്ധിയുടെ നീതി സങ്കൽപ്പം, സത്യവും നീതിയു തമ്മിലുള്ള പര്സപര ബന്ധം ഗാന്ധിയുടെ കാഴ്ചപ്പാടിൽ എന്നിവയാണ് പ്രശ്നവും മാർഗവും എന്നതിൽ പറയുന്നത്. പതിനഞ്ചു അധ്യായമാണ് ഉള്ളത്. പ്രശ്നവും മാർഗവും, ചരിത്ര പശ്ചാത്തലം, സ്വഭാവം, സത്യം, പ്രയോഗത്തിൽ ,അക്രമരാഹിത്യം, സത്യവും സ്നേഹവും, സത്യമാണ് ഈശ്വരൻ, സത്യവും നിയമവും, സത്യവും നീതിയും, ഗാന്ധിയൻ ചിന്ത, സാമാന്യമായും ഗാന്ധിയുടെ ഇന്നത്തെ പ്രസക്തിയും അനുബന്ധം ഒന്ന്, അനുബന്ധം രണ്ടു, അനുബന്ധം മൂന്നു, പിൻകുറിപ്പ് ഗ്രന്ഥകർതാവിനെ പറ്റി എന്നിവയാണ് അധ്യായങ്ങൾ.

സത്യവും നീതിയും നിലനിൽക്കുവാനായി ,ഗാന്ധിയൻ മൂല്യങ്ങൾക്കും ആദർശങ്ങൾക്കും പൂർണ്ണമായ സ്വീകാര്യത നൽകുവാൻ രാഷ്ട്രത്തോടഭ്യർത്ഥിച്ചുകൊണ്ട് ഗാന്ധിയൻ ആദർശങ്ങളുടെ മഹത്വവും മൂല്യവും അവസാന അധ്യായത്തിൽ വിശദീകരിച്ചിരിക്കുന്നു. മഹാത്മാ ഗാന്ധിയെപോലെ ജീവിതം സത്യത്തിനും നീതിക്കും വേണ്ടി സമർപ്പിക്കുമെന്ന തീരുമാനം രാഷ്ട്രം സംയുക്തമായി സ്വീകരിക്കുകയെന്നതുമാണ് ശോചനീയമായ ഈ അവസ്ഥക്ക് പരിഹാരമെന്ന് ശ്രീ ചെറിയാൻ പണ്ഡിതൻ യുക്തിസഹമായി വാദിക്കുന്നു ശ്രീചെറിയാൻ "സത്യവും നീതിയും ഗാന്ധിയുടെ കാഴ്ചപ്പാടിൽ" എന്ന കൃതി നിയമവിദ്യാർഥികൾക്ക് അവരുടെ ജീവിതത്തിലെ സ്വഭാവരൂപീകരണകാലഘട്ടത്തിൽ ഒരു പാഠപുസ്തകമായി ഉപയോഗിക്കാൻ യോഗ്യമായിരിക്കുമെന്നാണ് എന്റെ അഭിപ്രായം. ഞാൻ ഈ കുറിപ്പ് ചുരുക്കുന്നു.

**സൂരജ് 9B**

# ജൈവ വൈവിധ്യം

കാർത്തിക്ക് .പി.എസ് 10E

പ്രശസ്ത കവയത്രി ജയന്തി നടരാജന്റെ "നമ്മുടെ പൈതൃകം ,നമ്മുടെ സമ്പത്ത് ,നമ്മുടെ ഉത്തരവാദിത്വം -"എന്ന പുസ്തകം പരിസ്ഥിതിയെകുറിച്ചുള്ളതാണ് .'പ്രകൃതിരക്ഷതിരക്ഷിത' എന്നാണ് കവയിത്രി ഇതിൽ പറയുന്നത് .ഈ വാക്യത്തിൽ ഉദ്ദേശിക്കുന്നത് പ്രകൃതിയെ സംരക്ഷിച്ചാൽ പ്രകൃതി നമ്മെയും സംരക്ഷിക്കും എന്നാണ് ഈപുസ്തകത്തിൽ നിന്ന് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത് മണ്ണും ജലവും നമ്മുടെ ജീവിതവുമായി ഇഴകിച്ചേർന്നതാണ് . ഒരു രാജ്യത്തിൻറെ ഐശ്വര്യം എന്നത് വികസനവും പ്രകൃതിയും തമ്മിലുള്ള സന്തുലിതാവസ്ഥതയിലധിഷ്ഠിതമാണ്

ജനസംഖ്യ വർധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഭക്ഷണം , വിറകു, കാലിത്തീറ്റ തുടങ്ങി നിരവധി ആവശ്യങ്ങൾ നിറവേറ്റുന്നതിൽ വനവും അതിനോട് ചേർന്നു പാരിസ്ഥിതിക ആവാസവ്യവസ്ഥാകൾക്കും ഉള്ള പങ്ക്നിർണായകമാണ് പ്രാദേശികമായിത്തന്നെ പരിസ്ഥിതിയും മനുഷ്യനും തമ്മിലുള്ള പാവനമായ ബന്ധം അത്യന്താപേക്ഷിതമാണ്. പ്രത്യേകിച്ചും പ്രതിസന്ധി ഘട്ടങ്ങളിൽ. ഇതിൽ എട്ടു ഭാഗമായിട്ടാണ് കൊടുത്തിട്ടുള്ളത് ജാതിവൈവിദ്യം ,ഹിമാലയവും പ്രാന്തപ്രദേശങ്ങളും ,ഗംഗാസമതലം വടക്കു കിഴക്കു ഇന്ത്യ , ഇന്ത്യയിൽ മരുഭൂമികളും അർദ്ധ ഉഷ്ണ മേഖലകളും പശ്ചിമഘട്ടം ,ഡെക്കാൻ ഉപദ്വീപ്, തീരദേശങ്ങളും ദ്വീപുകളും എന്നിവയാണ് ഈ പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ജൈവവൈവിധ്യം ജീവന്റെ വൈവിധ്യം തന്നെയാണ് ജൈവവൈവിധ്യം ആഘോഷിക്കുക സംരക്ഷിക്കുക പരിപാലിക്കുക എന്നാണ്ജയന്തി നടരാജന്റെ ഈ പുസ്തകത്തി നിന്ന് എനിക്ക് കുറെമനസ്സിലാക്കാൻ കഴിഞ്ഞത്

# വീടും വയലും പിന്നെ സ്കൂളും..........

## കൃഷിയുടെ നന്മയറിഞ്ഞ ലീന ടീച്ചറുമായി കുട്ടികൾ നടത്തിയ അഭിമുഖം



**ജ്യോതിഷ്**: നമസ്ക്കാരം ടീച്ചർ

**ടീച്ചർ**: നമസ്ക്കാരം

**ജ്യോതിഷ്**: ടീച്ചറുടെ കൃഷിയിലുള്ള താത്പര്യം ഞങ്ങൾ നേരിട്ട് കാണുന്നതാണ് ,കൃഷിയുമായി ബന്ധപ്പെട്ട് കുറിച്ച് അറിവുകൾ ഞങ്ങളുമായി പങ്കുവയ്ക്കാമോ ?

**ടീച്ചർ**: ഓ പറഞ്ഞു തരാലോ

**കൃഷ്ണ**: കൃഷിയോട് ആഭിമുഖ്യം തോന്നാൻ കാരണമെന്താണ് ?

**ടീച്ചർ**: കുട്ടി ആയിരിക്കുമ്പോഴെ വീട്ടുകാർ കൃഷി വളരെ താത്പര്യപൂർവ്വം ചെയ്യുന്നത് കണ്ടാണ് ഞാൻ വളർന്നത്

**കൃഷ്ണ** :ആളുകൾക്ക് കൃഷിയോട് താത്പര്യം കുറഞ്ഞു വരുന്ന കാലത്തും ടീച്ചർക്ക് കൃഷിയിൽ താത്പര്യമുണ്ട് .എപ്പോഴെങ്കിലും കൃഷി വേണ്ട ലാഭകരമല്ല എന്നൊക്കെ തോന്നിയിട്ടുണ്ടോ ?

**ടീച്ചർ**: ഒരിക്കലും ഇല്ല .കൃഷിയുടെ നന്മ തിരിച്ചറിഞ്ഞവർക്ക് ഒരിക്കലും അങ്ങിനെ തോന്നില്ല .പിന്നെ ഇന്നത്തെ സാഹചര്യത്തിൽ നല്ല ആരോഗ്യത്തിന് നമ്മുടെ എല്ലാവരുടേയും വീട്ടിൽ ചെറിയ ഒരു അടുക്കള തോട്ടമെങ്കിലും ഉണ്ടാകുന്നത്  നല്ലതാണ്.

**സത്യനേഷ്**:ഏതൊക്കെ കൃഷികളാണ് ടീച്ചർ ചെയ്യുന്നത് ?

**ടീച്ചർ** : നെല്ല്, പച്ചക്കറി ,മീൻ ,പശു ,കോഴി എല്ലാം കൂടി ഒരു സമ്മിശ്ര കൃഷി



**ജ്യോതിഷ്** : ലാഭം കൊയ്യാൻ കഴിയുന്ന വിളകൾ ആണോ അതോ ഇടവിളകളും എല്ലാം ഉണ്ടോ ?

**ടീച്ചർ** : അങ്ങനെയല്ല ,എല്ലാ വിളകളും കൃഷി ചെയ്യുന്നു രാസവള ങ്ങൾ ഉപയോഗി ക്കാറില്ല ജൈവകൃഷി രീതി തന്നെയാണ് .ലാഭം ഇല്ല എന്നൊന്നും പറയാൻ പറ്റില്ല.

**സത്യനേഷ്**: കൃഷി ഓഫീസർ ഇവരിൽ നിന്നൊക്കെ സഹായം കിട്ടാറുണ്ടോ ?

**ടീച്ചർ**:ഉണ്ട്  .വിത്തുകൾ ,വളങ്ങൾ ,തൈകൾ ,ഒക്കെ കിട്ടും വളപ്രയോഗം ,പരിപാലനം ഇതിനെക്കുറിച്ച് ഒക്കെ പറഞ്ഞ് തരും.പിന്നെ govt സബ്സിഡി ഇതൊക്കെയുണ്ട്.

**സത്യനേഷ്**: പുരസ്കാരങ്ങൾ എന്തെങ്കിലും കിട്ടിയിട്ടുണ്ടോ ?

**ടീച്ചർ**: ഉം .ഈ പ്രാവശ്യം കുട്ടികർഷകന് ഉള്ള

പുരസ്കാരം മോന് കിട്ടിയിരുന്നു.

**കൃഷ്ണ**:വീട് ,കൃഷി .ജോലി എല്ലായിടത്തും ഓടിയെത്താൻ സമയം

തടസ്സമാകാറുണ്ടോ ?

**ടീച്ചർ**: ഇല്ല ,നമുക്ക് താത്പര്യം ഉണ്ടെങ്കിൽ സമയക്കുറവ് എന്ന ഒരു

പ്രശ്നമേ ഉണ്ടാവില്ല

**കൃഷ്ണ**: ഇനിയും കുറേ കാര്യങ്ങൾ ചോദിക്കാൻ ഉണ്ട് ...

പിന്നീടൊരവസരത്തിൽ ആകാം


**കുട്ടികൾ:** നന്ദി

**ടീച്ചർ**: നന്ദി സന്തോഷം

(ഞങ്ങളുടെ വീട്ടിലും ഒരു ചെറിയ പച്ചക്കറി തോട്ടമെങ്കിലും

ഉണ്ടാക്കണമെന്ന് ഞങ്ങളും മനസ്സിൽ ഉറപ്പിച്ചു )





# G I M P




# ശ്രീകൃഷ്ണയിലെ LITTLE KITE വിദ്യാർത്ഥികൾ

## KITE UNIT

## SREE KRISHNA HSS, GVRs

# വെട്ടം

ഇതൊരു പ്രതീക്ഷയാണ് ,നാളെയുടെ ഇരുൾ വഴികളിലേക്ക്

കൊളുത്തിവെച്ച ഇന്നിന്റെ അക്ഷരവിളക്കാണണീ പുസ്തകം

സർഗ്ഗശേഷിയുടെ തിരുമുറ്റത്ത് തെളിയുന്ന അക്ഷര ദീപമായി

....മുന്നോട്ടുള്ള പ്രയാണത്തിന് വഴികാട്ടട്ടെ ഈ ഇത്തിരി **വെട്ടം**